# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3177 — 18/10/2016-ൽ മറുപടിക്ക്

### ഫ്ലാഗ്ഷിപ്പ് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ശശി | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | എല്ലാവർക്കും വൈദ്യുതി എന്ന സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നും, ഓരോ ജില്ലയിലും ഇതിനായി നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും, ഓരോ ജില്ലയിലും ഇതു പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന കാലപരിധി എത്ര എന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടി സമ്പൂർണ വൈദ്യുതീ കരണ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. എല്ലാ ജില്ലകളിലും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ച് ചേർത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയുണ്ടായി. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി വിപുലമായ ശ്രമങ്ങൾ കെ എസ് ഇ ബി ഏർപ്പെട്ടുത്തിയിരുന്നു. ഇത്തരത്തിൽ ലഭിച്ച വിവരങ്ങൾ ഉപയോഗിച്ച് ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് പൂർത്തിയാക്കി വരുന്നു. ഒരു മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം നേടുന്നതിനാവശ്യമായ തുകയുടെ 50% പരമാവധി (ഒരു കോടി രൂപ എന്ന കണക്കിൽ) കെ.എസ്.ഇ.ബി ചിലവാക്കാനും ബാക്കി തുക തദ്ദേശസ്വയം ഭരണം, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ ജനപ്രതിനിധികളുടെ ((MLA SDF, MLA ADF, MPLAD) ഫണ്ടുകൾ സന്നദ്ധ സംഘടനകളിൽ നിന്നുമുള്ള സാമ്പത്തിക സഹായം എന്നിവയിൽ നിന്ന് കണ്ടെത്താനുമാണ് ശ്രമിക്കുന്നത്. |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾക്കുള്ള ഫണ്ട് ലഭ്യമാകുന്ന മുറക്ക് നിർമ്മാണപ്രവൃത്തികൾ ആരംഭിക്കാനും 31.03.2017 ഓടു കൂടി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരി ക്കാനുമാണ് ആണ് ലക്ഷ്യമിടുന്നത്. |
| (ബി) | ഇതിന്റെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ, ഉത്തരവുകൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി 26.8.2016 ലെ ജി.ഒ.(എം.എസ്) നമ്പർ 18/2016 ഊ.വ ഉത്തരവ് പ്രകാരം സർക്കാർ താഴെപ്പറയുന്ന സമിതികൾ രൂപീകരിച്ചിട്ടുണ്ട്.<br>**(1) മുഖ്യമന്ത്രി ചെയർമാനായ സംസ്ഥാനതല ഉന്നതാധികാര സമിതി:-**<br>**(2) കെ.എസ്.ഇ.ബി ലിമിറ്റഡിലെ മുൻ ജില്ലയുടെ ചാർജ്ജുള്ള മന്ത്രി ജില്ലാതല മേൽനോട്ട സമിതികൾ**<br>**(3) സംസ്ഥാന തല ഉപദേശക സമിതി:**<br>**(4) ട്രാൻസ്മിഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ ഡയറക്ടർ ആയ ശ്രീ.കെ.അശോകൻ ചെയർമാനായ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള മേൽനോട്ട സമിതി:** ബഹുമാനപ്പെട്ട MLA അധ്യക്ഷനായും ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ /അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനർ ആയും ഉള്ള സമിതി.<br>**(5) നിർവ്വാഹക സമിതികൾ:** പഞ്ചായത്ത്/ മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും കോർപ്പറേഷൻ പ്രദേശങ്ങളിൽ സെക്ഷൻ ഓഫീസ് കേന്ദ്രീകരിച്ചുമുള്ള സമിതികൾ.<br>06.10.2016 ലെ ഉത്തരവ് (ജി.ഒ.(എം.എസ്) നമ്പർ 22/2016/ഊ.വ) പ്രകാരം 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖ ഹാജരാക്കാതെ തന്നെ വൈദ്യുതി കണക്ഷൻ നൽകുന്നതിന് (പ്രസ്തുത |

| | | | |
|---|---|---|---|
| | | | കണക്ഷൻ കെട്ടിടത്തിന്റെ നിയമപരമായ ഉടമസ്ഥത/കൈവശം എന്നിവയായി കണക്കാക്കപ്പെടില്ല) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു കൂടാതെ സർവ്വീസ് കണക്ഷൻ നടപടികൾ ലഘൂകരിയ്ക്കുവാനായി സർക്കാർ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇവയിന്മേൽ വൈദ്യുതി റഗുലേറ്ററി കമ്മീഷൻ സ്വീകരിച്ച നിലപാടുകൾ എന്തെല്ലാം; | (സി) | റെഗുലേറ്ററി കമ്മീഷൻ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് ഉത്തരവുകൾ ഒന്നും ഇറക്കിയിട്ടില്ല. |
| (ഡി) | വീട്ടു നമ്പർ ലഭിക്കാത്ത കാരണത്താൽ, അപേക്ഷ സമർപ്പിച്ചിട്ടും നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത, 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | 1500 ച:അടിവരെ വിസ്തീർണ്ണമുള്ള വീടുകൾക്ക് താൽക്കാലിക കെട്ടിടനമ്പർ നിശ്ചിത ആവശ്യങ്ങൾക്കായി നൽകാൻ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ